## പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1489** — **06.03.2017 ൽ മറുപടിയ്ക്ക്**

### വിഷരഹിത പച്ചക്കറി

| **ചോദ്യം**<br>ശ്രീ. പി. ഉണ്ണി | | **ഉത്തരം**<br>ശ്രീ. വി.എസ്.സുനിൽ കുമാർ<br>(ബഹു.കൃഷി വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | മാരകരോഗങ്ങൾക്ക് കാരണമാകുന്ന വിഷം കലർന്ന പഴങ്ങളും പച്ചക്കറികളും അനിയന്ത്രിതമായി ഇതര സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലേയ്ക്ക് കടത്തുന്ന കാര്യം ശ്രദ്ധയിലുണ്ടോ; | (എ) | ഉണ്ട് |
| (ബി) | വിഷരഹിതവും, ജൈവവളം മാത്രം ഉപയോഗിച്ച് ഉൽപാദിപ്പിക്കുന്നതുമായ പഴങ്ങളും പച്ചക്കറികളും സംസ്ഥാനത്ത് ലഭ്യമാക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ; | (ബി) | സംസ്ഥാനത്ത് ജൈവകൃഷിയുടെ വ്യാപനത്തിനായി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ട്. നല്ല കൃഷി മുറകൾ പാലിച്ച് കൊണ്ട് വിഷവിമുക്തമായ പച്ചക്കറി ഉത്പാദിപ്പിക്കുന്ന സംസ്ഥാനത്തെ കർഷകർക്ക് ധനസഹായവും നൽകുന്നുണ്ട്. വിവിധ പദ്ധതികളിലൂടെ ജൈവകൃഷി വ്യാപനത്തിനായി നല്ല കൃഷി മുറകൾ പാലിച്ച് കൊണ്ടുള്ള ഭക്ഷ്യ വസ്തുക്കളുടെ ഉത്പാദനം മുൻനിർത്തി എല്ലാ ജില്ലകളിലും ക്ലസ്റ്ററുകൾ രൂപീകരിക്കുകയും വെർമി കമ്പോസ്റ്റ് യൂണിറ്റുകൾ സ്ഥാപിക്കുകയും ജൈവകൃഷിയുടെ പരിശീലനത്തിനായി ഓർഗാനിക് ഫാം സ്കൂൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. ക്ലസ്റ്ററുകൾ ഉത്പാദിപ്പിക്കുന്ന ജൈവപച്ചക്കറികൾ സംഭരിച്ച് വിപണനം നടത്തുന്നതിനായി ഇക്കോഷോപ്പുകൾ അനുവദിച്ചിട്ടുണ്ട്. ക്ലസ്റ്ററുകളിൽ ഉത്പാദിപ്പിക്കുന്ന പച്ചക്കറികൾക്ക് ജി.എ.പി. സർട്ടിഫിക്കേഷൻ സഹിതം പ്രത്യേക പാക്കിംഗ് ഉൾപ്പെടെ വില്പന നടത്തുന്നതിന് ധനസഹായം നൽകുന്നുണ്ട്. വട്ടവട, കാന്തല്ലൂർ മേഖല ഒരു പ്രത്യേക പച്ചക്കറി ഉല്പാദകസോണായി പ്രഖ്യാപിച്ച് ഗുണമേൻമയുള്ള പച്ചക്കറി ഉല്പാദിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഇവ കേരളത്തിലെ മറ്റു ജില്ലകളിൽ ഹോർട്ടികോർപ്പിന്റെ സ്റ്റാളുകൾ വഴി വിതരണം ചെയ്തുവരുന്നു. ജൈവകൃഷിയിൽ മികച്ച പ്രവർത്തനം നടത്തുന്ന നിയോജക മണ്ഡലങ്ങൾ, മുനിസിപ്പാലിറ്റികൾ, കോർപ്പറേഷനുകൾ, പഞ്ചായത്തുകൾ എന്നിവയ്ക്ക് അവാർഡ് നൽകുന്നു. കൃഷിയിടങ്ങളിൽ തന്നെ ജൈവവളം ഉത്പാദിപ്പിക്കുന്നതിന് ജൈവവള നിർമ്മാണ യൂണിറ്റുകൾ ആരംഭിക്കാൻ പദ്ധതിയുണ്ട് |
| (സി) | പഴങ്ങളിലും, പച്ചക്കറികളിലും ഉള്ള വിഷാംശത്തിന്റെ തോത് നിർണ്ണയിക്കുന്നതിനും, വിഷാംശം കൂടുതലുള്ള പച്ചക്കറികളും പഴങ്ങളും പിടിച്ചെടുത്ത് നശിപ്പിക്കുന്നതിനും അടിയന്തിര നടപടികൾ സ്വീകരിക്കുമോ? | (സി) | 14 ഓളം മാരക രാസ കീടനാശിനികൾ സംസ്ഥാനത്ത് നിരോധിച്ചിട്ടുണ്ട്. ഇതര സംസ്ഥാനങ്ങളിൽ നിന്നു വരുന്ന പഴം-പച്ചക്കറികളുടെ സാമ്പിളുകൾ ചെക്ക് പോസ്റ്റുകളിൽ നിന്നുൾപ്പെടെ ശേഖരിച്ച് കീടനാശിനി അവശിഷ്ട പരിശോധനാ ലാബിലും ഭക്ഷ്യ സുരക്ഷാ വകുപ്പിനു കീഴിലുള്ള ലാബുകളിലും പരിശോധിച്ച് റിപ്പോർട്ട് പരസ്യപ്പെടുത്തുന്നുണ്ട്. അമിതമായ കീടനാശിനി പ്രയോഗത്തിനെതിരെ അയൽ സംസ്ഥാനങ്ങളിലെ കർഷകരിൽ ബോധവത്കരണം നടത്തിയിട്ടുണ്ട്. കൂടാതെ പഴം പച്ചക്കറികളിലെ വിഷാംശ പരിശോധനയ്ക്കായി വെള്ളായണി കാർഷിക കോളേജിൽ സ്ഥാപിച്ചിട്ടുള്ള അന്താരാഷ്ട്ര നിലവാരമുള്ള കീടനാശിനി അവശിഷ്ട വിഷാംശ പരിശോധനാ ലാബിലെ പരിശോധനാ ഫലങ്ങൾ പരസ്യപ്പെടുത്താറുണ്ട്. |

**സെക്ഷൻ ഓഫീസർ**